# മംഗലത്തുകോണത്തെ സിംഗപ്പൂർ ലെയ്ൻ കൃഷ്ണന് ആദരമാകട്ടെ

## ■ ബാല്യകാലസുഹൃത്തിന്റെ സ്മരണാഞ്ജലി

മധുനായർ, ന്യൂയോർക്ക്

**ക**ഴിഞ്ഞ ദിവസം അന്തരിച്ച മംഗലത്തുകോണം കൃഷ്ണൻ എന്റെ ബാല്യകാലസുഹൃത്തായിരുന്നു. ഞങ്ങളുടെ പഠനം നെല്ലിമൂട് ന്യൂ ഹൈസ്കൂളിൽ ഒരുമിച്ച്. സ്കൂളിലേക്കുള്ള യാത്രയിൽ മംഗലത്തുകോണത്തുനിന്ന് നെല്ലിമൂട്ടിലേക്കുള്ള വഴിയിൽ എന്റെ വീടിരിക്കുന്ന മന്നോട്ടുകോണത്തു കാത്ത് നിന്ന് ഞാനും കൃഷ്ണനോടൊപ്പം കൂടും. എന്നേക്കാളും രണ്ടുക്ലാസ്സിന് സീനിയറായിരുന്ന കൃഷ്ണൻ എനിക്ക് ജ്യേഷ്ഠസഹോദരൻ ആയിരുന്നു.



ഒരു അണ്ണന്റെ റോളെടുത്ത് വേണ്ടതും വേണ്ടാത്തതുമൊക്കെ നർമ്മത്തിൽ ചാലിച്ച് എനിക്കു വിളമ്പിയിരുന്നു. പിതാവ് ഭാർഗവപ്പണിക്കർ തുണിക്കച്ചവടമുതലാളി ആയിരുന്നതുകൊണ്ട് കൃഷ്ണന്റെ വേഷം എപ്പോഴും പളപളാന്നു തിളങ്ങിയിരുന്നു. സ്വർണനിറത്തിലുള്ള ചൈനീസ് പേന വിരലുകൾക്കിടയിൽ തിരുകി മടക്കിക്കുത്താത്ത മുണ്ടിന്റെ കോണിൽ പിടിച്ച് നടന്നുനീങ്ങുന്ന കൃഷ്ണനെ ആരാധനാപൂർവം ഞാൻ നോക്കിയിരുന്നു.

ചെറുപ്പത്തിൽ തന്നെ കൃഷ്ണനിൽ നേതൃപാടവം പ്രകടമായിരുന്നു. ഡിഗ്രി സമ്പാദിച്ചതിനുശേഷം സർക്കാർ ജോലി തേടിപ്പോകാതെ നാട്ടുകാര്യങ്ങളിൽ വ്യാപൃതനായ കൃഷ്ണന്റെ വ്യക്തിത്വം എന്നിൽ മതിപ്പുളവാക്കി. മന്നോട്ടുകോണത്തുകൂടി സർക്കാർ സഹായമില്ലാതെ ഒരു റോഡുവെട്ടാൻ അക്കാലത്തു കഴിഞ്ഞത് കൃഷ്ണന്റെ നിർഭയമായ നേതൃത്വംകൊണ്ടുമാത്രമാണ്. ഒരു സിംഗപ്പൂർ പ്രവാസിയുടെ സഹായം നിർലോഭം ലഭിച്ചതിനാൽ ആ റോഡിന് സിംഗപ്പൂർ ലെയ്ൻ എന്ന പേരിട്ടതും കൃഷ്ണനാണ്. യുവതലമുറ ഈ ചരിത്രം ഉൾക്കൊണ്ട് ആ റോഡിനെ പുനർനാമകരണം ചെയ്ത് കൃഷ്ണനെ ആദരിക്കുമെന്ന് ആശിക്കുന്നു.

ആദർശവാദികളുടേതായിരുന്നു ആ തലമുറയെന്ന് പറയാം. ഇടതുപക്ഷ ചിന്താഗതിക്കാരായിരുന്നു അവിടെയുണ്ടായിരുന്നത്. മംഗലത്തുകോണം കൃഷ്ണൻ കമ്മ്യൂണിസ്റ്റ് ലേബലണിഞ്ഞ് പൊതുപ്രവർത്തനത്തിൽ സജീവമായി. പഞ്ചായത്ത് വൈസ് പ്രസിഡന്റായതോടെ കൃഷ്ണൻ രാഷ്ട്രീയ പടവുകൾ അനായാസം ചവിട്ടിക്കയറുമെന്ന് ഞങ്ങൾ നാട്ടുകാർ ആശിച്ചു. പക്ഷേ, കലുഷിതമായ രാഷ്ട്രീയാന്തരീക്ഷത്തിൽ ജീവിതം ഹോമിച്ച അനേകരിൽ ഒരാളായിമാത്രം അവശേഷിച്ചു കൃഷ്ണനും. നാടകലോകത്തും കൃഷ്ണന്റെ തൂലിക ചലനാത്മകമായിരുന്നു. സ്വന്തം പിതാവിന്റെ അതിവിപ്ലവകരമായ പ്രേമസാഫല്യം ഇതിവൃത്തമാക്കി കൃഷ്ണൻ രചിച്ച് നാട്ടിൽതന്നെ അരങ്ങേറിയ നാടകസ്മരണകൾ മനസിൽമായാതെ കിടക്കുന്നു.